പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 455.56 ഏക്കർ.
(ബി) അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.
(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ഉടിക്കുന്നില്ല.
(എഫ്) ഇല്ല.

മെഡിക്കൽ കോളേജുകളിലെ നടത്തിപ്പിലേക്ക് നിയമിക്കുന്ന പരിശോധനാ ഉദ്യോഗസ്ഥൻ

* 355. [13] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ മെഡിക്കൽ കോളേജുകളിലേയും കാര്യക്ഷമമായ നടത്തിപ്പിലേക്ക് ഒരു പരിശോധനാ ഉദ്യോഗസ്ഥനെ നിയമിക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) ആ ഉദ്യോഗസ്ഥന്റെ യോഗ്യതയുടെ മാനദണ്ഡം എന്താണ് ;

(സി) ഇതിലേക്ക് പുറത്തിൽ നിന്നും ആരേയും വരുത്താതെ ഡിപ്പാർട്ടുമെന്റിൽ സീനിയോറിറ്റിയും യോഗ്യതയുമുള്ള ഒരാളെ നിയമിക്കാൻ ശ്രദ്ധിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ, ബി, സി) ഈ കാര്യങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

സ്വകാര്യ വനങ്ങൾ

* 356. [14] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വനങ്ങൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് കേരളപ്പിറവി മുതൽ ഇതുവരെ ഗവണ്മെന്റ് എടുത്ത നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ വിഷയത്തിൽ ഇത്രയും കാലതാമസം വരാൻ കാരണമെന്ത്;

(സി) ഇതുസംബന്ധമായ നിയമനിർമ്മാണം എന്ന് ഉണ്ടാകും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സ്വകാര്യവനങ്ങൾ ഏറ്റെടുക്കുന്നതിനായി ഒരു കരടുബില്ല് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ നാനാവശങ്ങളേയും പറ്റി കേന്ദ്രഗവണ്മെന്റ് നൽകിയ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ അവധാനപൂർവ്വം ചർച്ച ചെയ്ത് കരടുബില്ലിന് അവസാനരൂപം നൽകിക്കഴിഞ്ഞു. ആയതു കേന്ദ്രഗവണ്മെന്റിന്റെ അനുവാദത്തിനായി അയച്ചിരിക്കയുമാണ്.

(ബി) പുനഃപരിശോധനയുടെ ഫലമായി ചില മാറ്റങ്ങൾ വേണ്ടിവന്നതിനാലാണ് കാലതാമസമുണ്ടായത്.

(സി) കേന്ദ്രഗവണ്മെന്റിന്റെ അനുവാദം തക്കസമയത്തു ലഭിക്കുകയാണെങ്കിൽ നിയമസഭയുടെ ഈ സമ്മേളനത്തിൽത്തന്നെ അവതരിപ്പിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly